LIBRARY ARCHIVES Kerala Legislative Assembly

മെഡിക്കൽ കോളേജുകളിൽ പ്രവർത്തിക്കുന്ന പേയിംഗ് കൗണ്ടറുകളുടെ നിയന്ത്രണം

79 [177] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ പ്രവർത്തിക്കുന്ന പേയിംഗ് കൗണ്ടറുകളുടെ പ്രവർത്തനത്തിൽ സർക്കാരിന് നിയന്ത്രണം ഉണ്ടോ;

(ബി) പേയിംഗ് കൗണ്ടറുകളുടെ പ്രവർത്തനം മറ്റ് താലൂക്ക് ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും കൂടി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും ഇന്റൻസീവ് കെയർ യൂണിറ്റ് പ്രവർത്തനം ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് മെഡിക്കൽ കോളേജുകളിലെ പേയിംഗ് കൗണ്ടറുകൾ ആശുപത്രി വികസന സമിതിയുടെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. ആശുപത്രി വികസന സമിതിയുടെ ചെയർമാൻ ജില്ലാ കളക്ടറാണ്.

(ബി) പേയിംഗ് കൗണ്ടറുകൾ നിലവിൽ ഇല്ലാത്ത താലൂക്ക് ആശുപത്രികളിലും, ജില്ലാ ആശുപത്രികളിലും പേയിംഗ് കൗണ്ടറുകൾ നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) ഇന്റൻസീവ് കെയർ യൂണിറ്റിന്റെ പ്രവർത്തനം ജില്ലാ ആശുപത്രികളിൽ ഇപ്പോൾ തന്നെ ലഭ്യമാണ്. സർക്കാരിന്റെ സാമ്പത്തിക പരിമിതിമൂലം താലൂക്ക് ആശുപത്രികളിൽ ഈ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

കോഴിക്കോട് മെഡിക്കൽ കോളേജിലെ ആധുനിക ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാൻ നടപടി

80 [178] *ശ്രീ. യു. സി. രാമൻ:*
,, *സി. മമ്മൂട്ടി:*
,, *ടി. പി. എം. സാഹിർ:*
,, *സി. മോയിൻകുട്ടി:*
,, *സി. ടി. അഹമ്മദ് അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ രോഗികൾക്ക് വിദഗ്ദ്ധ ചികിത്സ നൽകുന്നതിനുവേണ്ടി സ്ഥാപിച്ചിട്ടുള്ള ആധുനിക ഉപകരണങ്ങളിൽ പ്രവർത്തനരഹിതമായത് ഏതെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ ഉപകരണങ്ങൾ കേടായതുമൂലം പാവപ്പെട്ടവർ ചികിത്സയുമായി ബന്ധപ്പെട്ട് സ്വകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കേടായ ഉപകരണങ്ങൾ നന്നാക്കുന്നതിന് കോഴിക്കോട് മെഡിക്കൽ കോളേജിൽ എന്ത് സംവിധാനമാണ് ഇപ്പോൾ നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ രോഗികൾക്ക് വിദഗ്ദ്ധ ചികിത്സ നൽകുന്നതിനുവേണ്ടി സ്ഥാപിച്ചിട്ടുള്ള ഉപകരണങ്ങളിൽ ഇപ്പോൾ കേടായിക്കിടക്കുന്നവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. വെന്റിലേറ്റർ—2
2. ഹിസ്റ്റോലാപ്രോസ്കോപ്പി—1
3. കംപ്യൂട്ടറൈസ്ഡ് ഫുള്ളി ഓട്ടോമാറ്റിക് ഹേമറ്റോളജി സെൽകൗണ്ടർ—1
4. എൻഡോസ്കോപ്പി—1
5. വീഡിയോ ഡയോഡിനോസ്കോപ്പ്—1
6. ഫൈബർ ഓപ്റ്റിക്ബ്രോങ്കോസ്കോപ്പ്—1
7. പോർട്ടബിൾ വെന്റിലേറ്റർ—1
8. ബ്ളഡ് ഗ്യാസ് അനലൈസർ—1

(ബി) അന്വേഷിച്ചുവരുന്നു.

(സി) കേടായ ഉപകരണങ്ങൾ നന്നാക്കുന്നതിന് ടി ഉപകരണങ്ങൾ വാങ്ങുമ്പോൾ തന്നെ ഉപകരണം വിതരണം ചെയ്യുന്ന കമ്പനിയുമായി ഇതു സംബന്ധിച്ച് കരാറിൽ ഏർപ്പെടുന്നുണ്ട്. ഈ കരാർ അനുസരിച്ച് കേടായ ഉപകരണങ്ങൾ കമ്പനികൾ തന്നെ നന്നാക്കുന്നുണ്ട്.

തൃശ്ശൂർ മെഡിക്കൽ കോളേജാശുപത്രി മുളങ്കുന്നത്തുകാവിലേക്ക് മാറ്റുന്ന നടപടി

81 [179] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജാശുപത്രി മുളങ്കുന്നത്തുകാവിലേക്ക് മാറ്റുന്നതിന് അവിടെ നിർമ്മാണത്തിലിരിക്കുന്ന ആശുപത്രി കോംപ്ലക്സിന്റെ നിലവിലുള്ള അവസ്ഥ വെളിപ്പെടുത്താമോ;

(ബി) ആകെ എത്ര കിടക്കകളുള്ള ആശുപത്രി സമുച്ചയമാണ് നിർമ്മിക്കുന്നതെന്നും അതിൽ ഒന്നാംഘട്ടം തുടങ്ങുവാൻ സ്വീകരിച്ച നടപടികളും വിശദമാക്കാമോ;

GPM. 2/543/2012.—18

LIBRARY ARCHIVES Kerala Legislative Assembly